**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1815** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബോണ്ട് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബോണ്ട് അടിസ്ഥാനത്തിൽ നിലവിൽ എത്ര സർവ്വീസുകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **തൃശ്ശൂർ യൂണിറ്റിൽ നിന്നും മൂന്നും, എറണാകുളം യൂണിറ്റിൽ നിന്നും ഒന്നും സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നു.**<br><br>**കോവിഡ് കാലത്ത് സർക്കാർ ജീവനക്കാർക്കായി തുടങ്ങിയ 36 ബോണ്ട് സർവ്വീസുകൾ നിലവിൽ സാധാരണ സർവ്വീസുകളായും എ.സി. ബോണ്ട് സർവ്വീസുകളായി പുനഃക്രമീകരിച്ച് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | ഏതെല്ലാം ജില്ലകളിലെ സ്കൂളുകൾക്കാണ് ബോണ്ട് സർവ്വീസ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഇടുക്കി ജില്ലയിലെ കട്ടപ്പന യൂണിറ്റിൽ നിന്നും 2021-2022 അദ്ധ്യയന വർഷത്തിൽ രണ്ട് സർവ്വീസുകൾ 16 ദിവസകാലയളവിലേയ്ക്ക് ജവഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാനേജ്മെന്റ് ആന്റ് ടെക്നോളജി, തുക്കുപാലം എന്ന സ്ഥാപനത്തിന് സ്കൂൾ ബോണ്ട് സർവ്വീസ് നടത്തിയിരുന്നു.<br><br>കണ്ണൂർ യൂണിറ്റിൽ നിന്നും കടമ്പൂർ ഹയർ സെക്കൻഡറി സ്കൂളിന് സ്കൂൾ ബോണ്ട് സർവ്വീസ് അനുവദിച്ചിരുന്നു. പിന്നീട് സ്കൂൾ അധികൃതർ ആവശ്യപ്പെടാത്തതിനാൽ സ്കൂൾ ബോണ്ട് സർവ്വീസുകൾ നിർത്തലാക്കി. |
| (സി) | തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിൽ ബോണ്ട് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളിലെന്ന് വ്യക്തമാക്കാമോ? | (സി) | ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ